# മണ്ടൻ കുഞ്ചുട്ടൻ



കുഞ്ചുട്ടൻ മഹാ മടിയനും മണ്ടനുമായിരുന്നു. പണിയെടുക്കാതെ എന്തും വെറുതെ കിട്ടണമെന്നാണ് ആഗ്രഹം. മൂക്ക് മുട്ടെ തിന്ന് വയറും നിറച്ച് ചടഞ്ഞിരിക്കുന്ന കുഞ്ചനെ ഒരു ദിവസം അവന്റെ അമ്മ ശകാരിച്ച് പുറത്തിറക്കി വിട്ടപ്പോൾ എന്തെങ്കിലും സൗജന്യമായി കിട്ടുമോ എന്നറിയാൽ അവൻ അങ്ങാടിയിലേക്കിറങ്ങി.

“കുഞ്ചുട്ടാ... അതാ കൃഷി ഓഫീസിൽ എന്തോ സൗജന്യമായി കൊടുക്കുന്നുണ്ട്.”

ഇതു കേട്ടതും കുഞ്ചുട്ടൻ നേരെ കൃഷി ഓഫീസിലെത്തി സങ്കടം ബോധിപ്പിച്ചു.

“എനിക്ക് എന്തെങ്കിലും സൗജന്യമായി തരണം.”

“ശരി... ഇവിടെയിപ്പോൾ മൽസ്യകൃഷി മാത്രമേ സൗജന്യമായുള്ളു. കുറച്ച് മീൻ കുഞ്ഞുങ്ങളെ തരാം. നന്നായ് കൃഷി ചെയ്യണം. അടുത്ത മാസം ഞങ്ങൾ വന്ന് നോക്കും.”

കൃഷി ഓഫീസർ കൊടുത്ത മൽസ്യക്കുഞ്ഞുങ്ങളുമായി കുഞ്ചു വീട്ടിലെത്തി.

ലോകത്തിലെ ഏറ്റവും വലിയ ഉപദ്വീപ്– അറേബ്യ



ഒരു മാസം കഴിഞ്ഞ് ഓഫീസർ കുഞ്ചുവിന്റെ വീട്ടിലെത്തി.

''കുഞ്ചൂ... മൽസ്യകൃഷി എവിടെ എത്തി?"

"സാറേ.. നിങ്ങൾ തന്ന മീൻ കുഞ്ഞുങ്ങളെ അന്ന് തന്നെ ഞാൻ മണ്ണ് മാന്തി കുഴിച്ചിട്ടിട്ടുണ്ട്. ഇതുവരെ ഒന്നു പോലും മുളച്ചില്ല."

പറമ്പിലേക്ക് കൈ ചൂണ്ടിയുള്ള കുഞ്ചുവിന്റെ ദയനീയമായ പറച്ചിൽ കേട്ട് കൃഷി ഓഫീസർ അന്തിച്ചു നിന്ന ശേഷം അവനെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു:

"എടാ കുഞ്ചൂ... മീൻകൃഷി എന്നു പറഞ്ഞാൽ അവയെ വല്ല കുളത്തിലോ ടാങ്കിലോ ഇട്ട് വളർത്തുകയാണ്... സാരമില്ല താൻ നാളെ ഓഫീസിലേക്ക് വാ... തനിക്ക് വേറെ കൃഷി തരാം."

പിറ്റേ ദിവസം ഓഫീസിലെത്തിയ കുഞ്ചുട്ടന് കുറച്ച് കോഴികുഞ്ഞുങ്ങളെ നൽകിക്കൊണ്ട് ഓഫീസർ പറഞ്ഞു:.

''ഇത്തവണ കോഴികൃഷിയാണ്. നല്ലവണ്ണം പരിചരിക്കണം. തീറ്റയും കൊടുക്കണം. ഞാൻ അടുത്ത മാസം തന്നെ വന്ന് നോക്കും."

കോഴിക്കുഞ്ഞുങ്ങളുമായി കുഞ്ചുട്ടൻ വീട്ടിലെത്തി. ഒരു മാസം കഴിഞ്ഞ് ഓഫീസർ കോഴിഫാം കാണാൻ വീട്ടിലെത്തിയപ്പോൾ കുഞ്ചുട്ടൻ ദുഃഖിതനായി നിൽക്കുന്നതാണ് കണ്ടത്.

"കുഞ്ചുട്ടാ.. എവിടെ നിനക്ക് തന്ന കോഴിക്കുഞ്ഞുങ്ങളൊക്കെ, വലുതായോ?"

"സാറേ... സാറന്ന് പറഞ്ഞ പ്രകാരം എല്ലാ കോഴിക്കുഞ്ഞുങ്ങളെയും അന്ന് തന്നെ ഞാൻ പറമ്പിലെ കുളത്തിലിട്ടു തീറ്റയും കൊടുത്തു. പക്ഷേ അവറ്റ വൈകുന്നേരമായപ്പോഴേക്കും മുങ്ങി ച്ചത്തു!"

കുളത്തിലേക്ക് കൈചൂണ്ടിക്കൊണ്ട്

ലോകത്തിലെ ഏറ്റവും വലിയ തടാകം– കാസ്പിയൻ കടൽ

കുഞ്ചുട്ടൻ ഇത്രയും പറഞ്ഞപ്പോഴേക്കും കൃഷി ഓഫീസർ അവനെയൊന്ന് പകച്ച് നോക്കിക്കൊണ്ട് സമാധാനിപ്പിച്ചു:

"എടാ കുഞ്ചൂ.. അത് മൽസ്യങ്ങളെയല്ലേ കുളത്തിലിട്ട് പോറ്റാൻ പറഞ്ഞത്. ഇങ്ങനെയുള്ളതിനെ നമ്മുടെ വീട്ടിലെ ഒഴിഞ്ഞ മുറിയിലോ അല്ലെങ്കിൽ വലിയ കൂടുണ്ടാക്കി അതിലിട്ടോ പോറ്റണം. സാരമില്ല, നിനക്ക് ഞാൻ വേറൊരു കൃഷി തരാം."

അന്ന് കൃഷി ഓഫീസർ കുഞ്ചുട്ടന് കുറെ വാഴക്കന്നുകൾ നൽകിക്കൊണ്ട് പറഞ്ഞു:

"കുഞ്ചുട്ടാ... ഇന്ന് സൗജന്യമായി വാഴകൃഷിക്കുള്ള വിത്തുകളാണ്. നന്നായി കൃഷി ചെയ്യണം. അടുത്ത മാസം വളവുമായിട്ട് ഞാൻ വരും."

വാഴക്കന്നുമായി വളരെ ആവേശത്തോടെ വീട്ടിലെത്തിയ കുഞ്ചുട്ടനെ തിരഞ്ഞ് ഒരു മാസം കഴിഞ്ഞ് വളവുമായി കൃഷി ഓഫീസറെത്തി.

"എവിടെ കുഞ്ചുട്ടാ നിന്റെ വാഴത്തോട്ടം? ഇനി വളമിട്ടോളൂ..."

"വാഴത്തോട്ടമോ.. ഹേയ്.. സാറന്ന് പറഞ്ഞപോലെ എല്ലാ വാഴക്കന്നുകളും ഞാനെന്റെ വീടിന്റെ ഒരു മുറിയിൽ കൂട്ടിയിട്ടിട്ടുണ്ട്. വളർന്നോ എന്നറിയില്ല."

കുഞ്ചുട്ടൻ കാണിച്ചുകൊടുത്ത മുറി തുറന്നപ്പോൾ കേടുവന്നും ഉണങ്ങിയും കിടക്കുന്ന വാഴക്കന്നുകൾ കണ്ട് കൃഷി ഓഫീസർ പറഞ്ഞു.

"എടാ കുഞ്ചുട്ടാ... നീയല്ല മണ്ടൻ. നിനക്ക് സൗജന്യം തന്ന ഞാനാ മരമണ്ടൻ!"

ഓഫീസർ പറയുന്നതെന്തെന്നറിയാതെ കുഞ്ചുട്ടൻ വീണ്ടും വാ പൊളിച്ചു നിന്നു.

## ഒട്ടകപക്ഷി മണലിൽ തല പൂഴ്ത്തി വയ്ക്കുമോ?

ശത്രുക്കളെ കാണുമ്പോൾ ഒട്ടകപക്ഷി തന്റെ തല മണലിൽ പൂഴ്ത്തിവയിക്കും എന്ന ധാരണ പരക്കെയുണ്ട്. അത് തെറ്റാണ്. ശത്രുക്കളെ കണ്ട് പേടിച്ച് തല മണലിൽ പൂഴ്ത്തിവച്ചിരുന്നെങ്കിൽ ഒട്ടകപക്ഷി മരിച്ചു പോയേനേ. യഥാർത്ഥത്തിൽ ഒട്ടകപക്ഷി നല്ലൊരു പോരാളിയാണ്. മാത്രവുമല്ല, സാമാന്യം നല്ല ഓട്ടക്കാരനും. തന്നെ കീഴടക്കാൻ പോന്ന ശത്രുക്കളിൽ നിന്നും ഓടി രക്ഷപ്പെടും. മണിക്കൂറിൽ 40 മൈൽ വേഗതയിൽ ഇങ്ങനെ ഓടിരക്ഷപ്പെടുകയോ അല്ലെങ്കിൽ പോരാടുകയോ ആണ് ഒട്ടകപക്ഷി ചെയ്യുന്നത്. അല്ലാതെ മണലിൽ തല മറച്ചു വയ്ക്കുകയല്ല. ഇതുപോലെ മറ്റൊരു തെറ്റിദ്ധാരണയുണ്ട്. ഒട്ടകത്തെപ്പോലെ ഒട്ടകപക്ഷിക്കും ജലപാനം കൂടാതെ ധാരാളം നാൾ ജീവിക്കാനാവുമെന്ന്. അത് സത്യമല്ല. ഒട്ടകപക്ഷിക്ക് വെള്ളം കൂടാതെ ജീവിക്കാനാവില്ല. അത് ഭക്ഷിക്കുന്ന പഴവർഗ്ഗങ്ങളിൽ നിന്നും സസ്യങ്ങളിൽ നിന്നും അതിന് വേണ്ട വെള്ളം കിട്ടുന്നുണ്ട്. അടുത്തൊന്നും ചെറിയ കുളമില്ലെങ്കിൽ ഒട്ടകപ്പക്ഷി തെണ്ടിപ്പോകും.



രാഷ്ട്രപതി നിലയം സ്ഥിതി ചെയ്യുന്നതെവിടെ– ഹൈദരാബാദ്